"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീ. നിസാർ. എ (S/o. Late ഇബ്രാഹിം. എ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II, ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്)- യ്ക്ക് എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.101/2026/H&FWD തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ.(പി) നം.45/1991/ഉഭപവ തീയതി 30.12.1991.
2. സ.ഉ.(പി) നം.12/1999/ഉഭപവ തീയതി 24.05.1999.
3. ശ്രീ. നിസാർ. എ സമർപ്പിച്ച 11.05.2022 തീയതിയിലെ അപേക്ഷ.
4. വയനാട് ജില്ലാ കളക്ടറുടെ 07.12.2022 തീയതിയിലെ DCWYD/5242/2022-A8 നമ്പർ കത്ത്.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.06.2023 തീയതിയിലെ DHS/8642/2023-EH4 നമ്പർ കത്ത്.
6. സ.ഉ.(പി) നം.12/2023/ഉ.ഭ.പ.വ തീയതി 14.07.2023.
7. ശ്രീ. നിസാർ. എ സമർപ്പിച്ച 08.01.2024 തീയതിയിലെ തസ്തികമാറ്റ അപേക്ഷ.
8. സ.ഉ.(അച്ചടി) നം.4/2025/P&ARD തീയതി 29.03.2025
9. സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്റർ തൃശ്ശൂർ, ഡയറക്ടറുടെ 01.11.2025 തീയതിയിലെ എസ്.ഇ.എ നമ്പർ.1/909946/2024 നമ്പർ കത്ത്.
10. എക്സൈസ് കമ്മീഷണറുടെ 16.02.2026 തീയതിയിലെ EXC/93/2019-XM7 നമ്പർ കത്ത്.
11. പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പിന്റെ 26.02.2026 തീയതിയിലെ എസ്.ഡി.3/19/2026-ജി.എ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - II തസ്തികയിൽ സേവനത്തിലിരിക്കെ 27.09.2019-ന് മരണമടഞ്ഞ ഇബ്രാഹിം. എ എന്നവരുടെ മകൻ ശ്രീ. നിസാർ. എ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ശിപാർശ സഹിതം

പരാമർശം (5) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) അപേക്ഷകന് 19 വയസ്സുണ്ടെന്നും (ജനനതീയതി - 25.02.2004) ടിയാൻ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ പാസ്സായിട്ടുണ്ടെന്നും കൂടാതെ പരേതന്റെ ആശ്രിതർക്ക് ആർക്കും തന്നെ ഈ പദ്ധതിയിൻകീഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നതിനാൽ ശ്രീ. നിസാർ. എ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരിഗണിക്കാവുന്നതാണെന്നും പരാമർശം (4) കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു.

3) ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിയമനത്തിനായി പരിഗണിക്കണമെന്നാവശ്യപെട്ട് ശ്രീ. നിസാർ. എ പരാമർശം (7) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

4) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനായി ശ്രീ. നിസാർ. എ ശാരീരികമായും വിദ്യാഭ്യാസപരമായും യോഗ്യനാണെന്ന് ഡയറക്ടർ, സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്റർ, തൃശ്ശൂർ പരാമർശം (9) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (10) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്ന എക്സൈസ് ഓഫീസർ തസ്തികയിലെ 6 ഒഴിവുകളിൽ ഒരെണ്ണം ശ്രീ.നിസാർ.എ - യ്ക്ക് അനുവദിച്ച് നൽകുവാൻ എക്സൈസ് കമ്മീഷണർക്ക് പരാമർശം (11) പ്രകാരം സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ, വയനാട് ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിലും അപേക്ഷകൻ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്ക് പരിഗണിക്കപ്പെടാൻ യോഗ്യനായതിനാലും ശ്രീ. നിസാർ. എ (S/o. Late ഇബ്രാഹിം. എ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്)-യ്ക്ക് പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ഒഴിവുകൾ റിപ്പോർട്ട് ചെയ്ത ജില്ലയിൽ ശ്രീ. നിസാർ. എ-യ്ക്ക് നിയമനം അനുവദിച്ച് നൽകാവുന്നതും നിയമനത്തിനായി തിരഞ്ഞെടുത്ത ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിലാണ് ശ്രീ. നിസാർ. എ-യ്ക്ക് നിയമനം ലഭിക്കുന്നതെങ്കിൽ പരാമർശം (8) സർക്കാർ ഉത്തരവിലെ ഖണ്ഡിക XVIII (2) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്. ഓപ്ഷൻ നൽകിയ ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിൽ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ, ഭാവിയിൽ തിരഞ്ഞെടുത്ത ജില്ലയിൽ ആശ്രിത നിയമനത്തിനുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക്, സീനിയോറിറ്റി നഷ്ടപ്പെടാതെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കും. ആയതിനാൽ, എക്സൈസ് വകുപ്പിൽ തിരഞ്ഞെടുത്ത ജില്ലയിൽ ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് (അപേക്ഷകർ ഓപ്ഷനായി നൽകിയ ജില്ല തിരഞ്ഞെടുത്തിട്ടുള്ള മറ്റ് സീനിയർ അപേക്ഷകർ ഇല്ലാത്തപക്ഷം ഉടൻ തന്നെയും, ഉണ്ടെങ്കിൽ സീനിയോറിറ്റി ക്രമമനുസരിച്ചും), സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് തന്നെ അപേക്ഷകനെ തിരഞ്ഞെടുത്ത ജില്ലയിലേയ്ക്ക് മാറ്റി നിയമിക്കാവുന്നതാണ്.

7) സാധുവായ അപേക്ഷാ തീയതിയെ (11.05.2022) അടിസ്ഥാനമാക്കി നിയമനത്തിനായുള്ള അപേക്ഷകന്റെ സീനിയോറിറ്റി കണക്കാക്കേണ്ടതാണ്. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ പരിശോധിച്ചതിനു ശേഷം ശ്രീ. നിസാർ. എ-യ്ക്ക് എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ എക്സൈസ് കമ്മീഷണർ സ്വീകരിക്കേണ്ടതാണ്. പരേതനായ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും ജീവനക്കാരൻ അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധിച്ച രജിസ്റ്ററിലും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8) അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

9) അപേക്ഷകൻ സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (6) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

10) സേവന പുസ്തകത്തിൽ ജനന തീയതിയിൽ തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം നിയമന ഉത്തരവിൽ കർശനമായും രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ജോയിന്റ് സെക്രട്ടറി

ശ്രീ. നിസാർ എ, അവറാൻ വീട്, പാലമുക്ക്, എള്ളുമന്ദം പി.ഒ, മാനന്തവാടി, വയനാട് 670 645 (അസ്സൽ മരണ സർട്ടിഫിക്കറ്റും അനന്തരാവകാശ സർട്ടിഫിക്കറ്റും രജിസ്റ്റേർഡ് തപാലിൽ മടക്കി അയക്കുന്നു).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, വയനാട്.
സൂപ്രണ്ട്, ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്.
നികുതി വകുപ്പ് (11.12.2025 തീയതിയിലെ എഫ്2/194/2025/നികുതി നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം).
പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി (F2/195/2023-HEALTH) ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 15-03-2026 13:30:09